**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 394** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ചികിത്സാ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ചികിത്സാ സഹായത്തിനുള്ള അപേക്ഷ ഓൺലൈൻ വഴി മാത്രമാക്കിയത് പുന:പരിശോധിക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിൽ ബഹു.എം.പിമാർ, എം.എൽ.എ മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ നേരിട്ട് സ്വീകരിക്കുന്ന അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ ഓൺലൈൻ വഴിയാക്കിയിട്ടില്ല. അപേക്ഷകൾ നേരിട്ട് സ്വീകരിച്ച് അതിൽ തുടർ നടപടികൾ സ്വീകരിക്കുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്. |
| (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് വേണ്ടി അപേക്ഷ സ്വീകരിക്കുന്നത് പോലെ പട്ടികജാതി/ വർഗ്ഗ വിഭാഗങ്ങളിൽ നിന്നും എം. .എൽ.എ മാർ മുഖേന നേരിട്ട് അപേക്ഷ സ്വീകരിക്കുന്നതിന് നടപടി സ്വകരിക്കുമോ? | (ബി) | നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള ചികിത്സാ ധനസഹായത്തിനായി ബഹു.എം.പിമാർ, എം.എൽ.എ മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ മുഖേന നൽകുന്ന അപേക്ഷകൾ സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ